# കേരള സ്കൂൾ ശാസ്ത്രോത്സവം 2019-20

## സ്കൂളുകളിൽ ഡാറ്റ എൻട്രി നടത്തുന്നതിനുള്ള സോഫ്റ്റ്‌വെയർ യൂസർഗൈഡ്

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന സംസ്ഥാനത്തെ ഗവൺമെന്റ്/എയിഡഡ്/അൺ എയിഡഡ് (അംഗീകൃതം) സ്കൂളുകളിലെ കുട്ടികളുടെ ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവർത്തിപരിചയ ഐടി മേള കേരള സ്കൂൾ ശാസ്ത്രോത്സവം എന്ന പേരിൽ അറിയപ്പെടുന്നതാണ്. ശാസ്ത്രോത്സവം നടത്തിപ്പ് സ്വതന്ത്രസോഫ്റ്റ്‌വെയർ അധിഷ്ഠിതമാണ്. സ്കൂൾ തലത്തിലും, സബ്ജില്ലാ തലത്തിലും വ്യക്തമായ ക്രമീകരണം നടത്തേണ്ടതുണ്ട്. സ്കൂൾതല മത്സരങ്ങളിൽ പങ്കെടുത്ത് വിജയിക്കുന്ന കുട്ടികളുടെ വിവരങ്ങൾ ഓൺലൈനായി എന്റർ ചെയ്യേണ്ടതാണ്. ഡാറ്റ എൻട്രി ആരംഭിക്കുന്നതിനു മുമ്പായി പരിഷ്കരിച്ച ശാസ്ത്രോത്സവം മാന്വൽ വായിക്കുക.

ഓരോ സ്കൂളും രജിസ്റ്റർ ചെയ്തശേഷം പ്രിന്റൗട്ടുകൾ എച്ച് എം പരിശോധിച്ച് സാക്ഷ്യപ്പെടുത്തി എ.ഇ.ഒ യിൽ സൂക്ഷിക്കേണ്ടതാണ്. ആവശ്യമെങ്കിൽ തിരുത്തലുകൾ സമ്പൂർണ്ണ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയശേഷം വീണ്ടും പ്രിന്റൗട്ട് എച്ച് എം പരിശോധിച്ച് സാക്ഷ്യപ്പെടുത്തുക.

## സ്കൂളുകളിൽ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്ന വിധം




ബ്രൗസർ തുറക്കുക. അഡ്രസ്സ് ബാറിൽ ശാസ്ത്രോത്സവം വെബ്സൈറ്റിന്റെ അഡ്രസ്സ് (www.schoolsasthrolsavam.in) ടൈപ്പ് ചെയ്ത് എന്റർ കീ അമർത്തുമ്പോൾ ലോഗിൻ പേജ് ലഭിക്കുന്നു. സമ്പൂർണ്ണ സോഫ്റ്റ്‌വെയറിൽ ഉപയോഗിക്കുന്ന യൂസർനെയിം, പാസ്‌വേർഡ് എന്നിവ നല്കി ലോഗിൻ ചെയ്യുക.




ആദ്യം സ്കൂളിലെ വിവരങ്ങൾ ഉൾപ്പെടുത്തി സേവ് ചെയ്യുക.




Registration എന്ന പ്രധാനമെനുവിൽ ഓരോ മേളയുടേയും എല്ലാ വിഭാഗങ്ങളിലേയും രജിസ്ട്രേഷൻ ഫോം ലഭ്യമാണ് .




രജിസ്ട്രേഷൻ ഫോമിൽ സ്കൂളിൽ നിന്നും പങ്കെടുക്കുന്ന കുട്ടികളുടെ വിവരങ്ങൾ എന്റർ ചെയ്ത് സേവ് ചെയ്യുക. ഉൾപ്പെടുത്തിയ ഡാറ്റ ഡിലീറ്റ് ചെയ്യേണ്ടതുണ്ടെങ്കിൽ delete button ലഭ്യമാണ്. അഡ്മിഷൻ നമ്പർ ടൈപ്പ് ചെയ്യുമ്പോൾ കുട്ടിയുടെ വിവരങ്ങൾ സമ്പൂർണ്ണയിൽ നിന്നും ലഭിക്കുന്നു. തിരുത്തലുകളുണ്ടെങ്കിൽ

സംമ്പൂർണ്ണയിൽ തിരുത്തുക.




| Sl.No | Fest | Items | Admission Number | Name of Participant | Sl.No | Fest | Items | Admission Number | Name of Participant |
|---|---|---|---|---|---|---|---|---|---|
| 1 | HS | Improvised Experiments | 2853 | ANUSREE K B | 2 | HS | Improvised Experiments | 2822 | SREELAKSHMI V B |
| 3 | HS | Science Quiz | 3783 | SAJIN SIMON K | 4 | HS | Still Model | 2809 | ABHINAV K V |
| 5 | HS | Still Model | 3258 | AKSHAY K A | 6 | UP | Still Model | 76543 | SDFGTYUI |
| 7 | UP | Still Model | 65432 | SDFGH | 8 | HS | Working Model | 3483 | YASHIN JOY |
| 9 | HS | Working Model | 3300 | ABY ZACHARIYA | 10 | UP | Working Model | 45678 | DFGHJ |
| 11 | UP | Working Model | 3456 | WEDFGHJ | | | | | |



ശാസ്ത്രോത്സവത്തിൽ പങ്കെടുക്കുന്ന കുട്ടികളുടെ ലിസ്റ്റ് കാണുകയും പ്രിന്റൗട്ട് എടുക്കുകയും ചെയ്യാം. ലിസ്റ്റ് പരിശോധിച്ച് ഉറപ്പാക്കിയശേഷം മാത്രം ടിക് നല്കി confirm ചെയ്യുക. എല്ലാ മേളകളും പരിശോധിച്ച് confirm ചെയ്യേണ്ടതുണ്ട്.. പ്രിന്റ് ബട്ടണിൽ ക്ളിക്ക് ചെയ്താൽ കുട്ടികളുട ലിസ്റ്റ് പിഡിഫ് രൂപത്തിൽ ലഭിക്കുന്നു..




| # | Science Fair ✔confirmed | Maths Fair ✔confirmed | Social Science fair ✔confirmed | Work Exp Fair (On the spot) | Work Exp Fair (Exhibition) ✔confirmed | IT Fair ✔confirmed |
|---|---|---|---|---|---|---|
| 1 | UP | UP | UP | UP | UP | UP |
| 2 | HS | HS | HS | HS | HS | HS |
| 3 | HSS & VHSE | HSS & VHSE | HSS & VHSE | HSS & VHSE | HSS & VHSE | HSS & VHSE |
| | View Reg Participants | View Reg Participants | View Reg Participants | View Reg Participants | View Reg Participants | View Reg Participants |



പങ്കെടുക്കേണ്ട എല്ലാ കുട്ടികളെയും രജിസ്റ്റർ ചെയ്തശേഷം ശരിയാണെന്ന് ഉറപ്പാക്കി confirm ചെയ്യുക. Confirm ചെയ്യുന്നതിനു മുമ്പായി Tick here എന്നെഴുതിയിരിക്കുന്നിടത്ത് ടിക്ക് ഇടാൻ മറക്കാതിരിക്കുക. View Reg Participants എന്ന option ൽ ക്ളിക്ക് ചെയ്താൽ ശാസ്ത്രോത്സവത്തിൽ പങ്കെടുക്കുന്ന കുട്ടികളുടെ ലിസ്റ്റ് കാണാം.




ഐറ്റം കോഡുകൾ ലഭിക്കുന്നതിന് Downloads, Item Codes എന്ന ക്രമത്തിൽ ക്ളിക്ക് ചെയ്യുക..ശാസ്ത്രോത്സവം മാന്വൽ, യൂസർ മാന്വൽ എന്നിവ ലഭിക്കുന്നതിലേക്കായി Downloads, Go to Download Zone എന്ന ക്രമത്തിൽ ക്ളിക്ക് ചെയ്യുക..


Sasthrolsavam

Instructions / Download Zone

| Sl No | Download |
|---|---|
| 1 | Download Sasthrolsavam Manual |
| 2 | Download Sasthrolsavam User Manual |
| Sample Application Forms | |
| 3 | Science Fair |
| 4 | Mathematics Fair |
| 5 | Socialscience Fair |
| 6 | Workexperience Fair Exhibiton |
| 7 | Workexperience Fair On the Spot |
| 8 | IT Fair |

ശാസ്ത്രോത്സവം മാന്വൽ, സോഫ്റ്റ്‌വെയർ യൂസർഗൈഡ്, Sample Application Forms എന്നിവ ബന്ധപ്പെട്ട ലിങ്കുകളിൽ ക്ളിക്ക് ചെയ്താൽ ലഭിക്കുന്നു..




Settings എന്ന പ്രധാന മെനുവിൽ പാസ്‌വേർഡ് വ്യത്യാസപ്പെടുത്തുന്നതിനും (Change Password) സോഫ്റ്റ്‌വെയറിൽ നിന്നും പുറത്തിറങ്ങുന്നതിനും (Log Out) സൗകര്യം ഉണ്ട്.